

# ആശങ്കയുണർത്തുന്ന കിനാലൂർ ഉപഗ്രഹനഗരം

**മനുഷ്യാവകാശം ●**
റസാഖ് പാലേരി

**ബ്രിട്ടീഷുകാർ** കുറുമ്പ്രനാട് രാജവംശത്തിലെ മല്ലിശ്ശേരി കോവിലകം, കിഴക്കെ കോവിലകം എന്നീ കുടുംബങ്ങളിൽ നിന്ന് 2,470 ഏക്കർ ഭൂമി പാട്ടത്തിനെടുത്ത് ആരംഭിച്ചതാണ് കോഴിക്കോട് ജില്ലയിലെ കിനാലൂർ എസ്റ്റേറ്റ്. ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആദ്യമായി ഇവിടെയാണത്രെ റബർകൃഷി ആരംഭിച്ചത്. സ്വാതന്ത്ര്യാനന്തരം പല മുതലാളിമാരുടെ കൈയിൽ വന്ന എസ്റ്റേറ്റ് മറിച്ചുവിൽക്കാനും തൊഴിലാളികൾക്ക് വിഭജിച്ചു നൽകാനും തുടങ്ങി. പിന്നീട് കേരള ഗവൺമെന്റ് ഇതിൽനിന്ന് 305 ഏക്കർ ഏറ്റെടുത്ത് വ്യവസായ നഗരം ആരംഭിക്കാൻ തീരുമാനിച്ചു. അതിനായി രണ്ടരകോടി രൂപ ചെലവഴിച്ച് പത്തുവർഷം മുമ്പ് ഗ്രോത്ത്സെന്റർ തുടങ്ങുകയും ചെയ്തു. പക്ഷേ, ഈ കേന്ദ്രത്തിൽ വ്യവസായമോ, വികസനപദ്ധതിയോ ഒന്നും തുടങ്ങിയില്ല. കെട്ടിടം ക്ഷുദ്രജീവികളുടെയും സാമൂഹികവിരുദ്ധരുടെയും വിഹാരകേന്ദ്രമായി. ഇതിൽനിന്ന് 30 ഏക്കറാണ് ഉഷാ സ്കൂളിനുവേണ്ടി സർക്കാർ നൽകിയത്. ബാക്കി ഭൂമി ആരുടെ കൈയിലാണ്? തൊഴിലാളികൾക്കാണോ ലഭിച്ചത്? എത്ര ഭൂമി അനധികൃതമായി പലരും കൈവശം വെച്ചിട്ടുണ്ട്? ഇതൊക്കെ അന്വേഷിക്കേണ്ടതാണ്.

ഈ ഭൂമി ഉപയോഗപ്പെടുത്തി പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ 2007–ൽ കേരള സർക്കാർ മലേഷ്യൻ ഗവൺമെന്റുമായി കരാർ ഒപ്പുവെച്ചു. ഒരു ഉപഗ്രഹനഗരം (സാറ്റലൈറ്റ് സിറ്റി) ആണ് പണിയാൻ തീരുമാനിച്ചത്. മലേഷ്യൻ കമ്പനിയായ Construction Industry Development Board (CIDB) ആണ് പദ്ധതിയുടെ പ്രൊമോട്ടർമാരായി രംഗത്തുവന്നത്. CIDB വ്യവസായ സമുച്ചയങ്ങൾ നിർമിച്ചു നടത്തിവരുന്ന കമ്പനിയല്ല. വിവിധ നിക്ഷേപകരെ സംഘടിപ്പിക്കുന്ന ഒരു ഏജൻസി മാത്രമാണ്. അതുകൊണ്ടുതന്നെ മൊത്തം നിക്ഷേപത്തിന്റെ 11 ശതമാനം CIDB ക്കും മറ്റൊരു 11 ശതമാനം കേരള സർക്കാറിന്റെ സംരംഭമായ KSIDC (കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ

ഡെവലപ്മെന്റ് കോർപറേഷൻ)ക്കുമാണ്. പകരം 275 ഏക്കർ ഭൂമി സർക്കാർ കമ്പനിക്കു നൽകണം. 26 ശതമാനം ഷെയർ വകുപ്പുമന്ത്രിയും ബന്ധപ്പെട്ടവരും ആവശ്യപ്പെട്ടിരുന്നു. പക്ഷേ, CIDB അത് അംഗീകരിച്ചിട്ടില്ല. സമ്മർദം ചെലുത്തി വാങ്ങാനുള്ള നട്ടെല്ലൊന്നും പുതിയകാലത്തെ ഗവൺമെന്റുകൾക്കില്ലല്ലോ. ബാക്കി 78 ശതമാനം ഉടമാവകാശവും പണം മുടക്കുന്ന വിവിധ കമ്പനികൾക്കും വ്യക്തികൾക്കും ആയിരിക്കും.

ഉടമാവകാശം പരിഗണിച്ചാൽ കിനാലൂർ പ്രൊജക്ട് മുഴുവനായും വിദേശ കമ്പനികളുടെ നിയന്ത്രണത്തിലായിരിക്കും. കിനാലൂരിലേക്ക് നിക്ഷേപകരെ വലവീശിപ്പിടിക്കാൻ IJM ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന കമ്പനി മലേഷ്യയിലും മറ്റും ശ്രമം തുടങ്ങിക്കഴിഞ്ഞു.

കിനാലൂർ ഉപഗ്രഹ നഗരത്തിന്റെ കരാറും ധാരണാപത്രവും ഒപ്പുവെച്ചത് കേരള വ്യവസായ വകുപ്പ് മന്ത്രി എളമരം കരീമിന്റെയും മലേഷ്യൻ മന്ത്രി സാമുവേലിന്റെയും സാന്നിധ്യത്തിൽ KSIDC ചെയർമാൻ പി.എച്ച്. കുര്യനും സി.ഐ.ഡി.ബിയുടെ സി.ഇ.ഒ ഹംസത്ത്ബിൻ ഹസനുമാണ്. ഹംസത്തിന്റെകൂടെ മലേഷ്യയിലെ 15 ഓളം നിക്ഷേപകരും ഉണ്ടായിരുന്നു.

**വ്യവസായ നഗരത്തിൽ എന്താണ് സംഭവിക്കുക**

നമ്മുടെ കാലത്തെ പല വികസനസംരംഭങ്ങളെയും പോലെ കിനാലൂർ പദ്ധതിയും ഏറെ ദുരൂഹമാണ്. ജനാധിപത്യസംവിധാനത്തിൽ സർക്കാറുകൾ പാലിക്കേണ്ട സമാന്യമര്യാദ ഇടതു സർക്കാർ ഈ പദ്ധതിയിലും പാലിച്ചിട്ടില്ല. നിയമസഭയിലോ പൊതുസമൂഹത്തിലോ ജനപ്രതിനിധികൾക്കിടയിലോ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നതായി അറിയില്ല. സ്ഥലം എം.എൽ.എ. എ.കെ. ശശീന്ദ്രനോട്, 2008–ൽ കിനാലൂരിൽ വിളിച്ചുചേർത്ത ഒരു യോഗത്തിൽ വെച്ച് 'എന്താണ് ഇവിടെ വരുന്നത്' എന്നു ചോദിച്ചപ്പോൾ 'അതറിയില്ല, സമരം ചെയ്തു വികസനം മുടക്കരുത്' എന്നായിരുന്നു മറുപടി. ആരെയാണ് സർക്കാറുകൾ ഭയപ്പെടുന്നത്? ഇത്ര ദുരൂഹമായി നടപ്പാക്കേണ്ടതാണോ ഒരു നാടിന്റെ വികസനപദ്ധതികൾ? മലേഷ്യൻ മന്ത്രി സാമുവേൽ പത്രസമ്മേളനത്തിൽ പറഞ്ഞതു പ്രകാരം കിനാലൂർ ഉപഗ്രഹ നഗരത്തെക്കുറിച്ച് നമുക്കിങ്ങനെ അനുമാനിക്കാം: കെ.എസ്.ഐ.ഡി.സിയുടെ ഉടമസ്ഥതയിലുള്ള 275 ഏക്കർഭൂമി ഏറ്റെടുത്ത് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് (വ്യവസായനഗരം) പണിയും. അതിനായി ആദ്യം 500 കോടിരൂപ മുടക്കി പ്രാഥമിക സൗകര്യങ്ങൾ ഒരുക്കും. ശേഷം അഞ്ചു കൊല്ലം കൊണ്ട് വിവിധ കമ്പനികളിൽ നിന്നായി 2500 കോടിരൂപയുടെ നിക്ഷേപം അവിടേക്ക് ആകർഷിക്കും. ഇതോടെ 25,000 തൊഴിലവസരം ലഭ്യമാകും. എന്ത് തൊഴിൽ? എങ്ങനെ? ആർക്ക്? എപ്പോൾ? എല്ലാം അവ്യക്തം.

അതിനിടെ 2008 നവംബർ 11–ന് മലേഷ്യൻ അലൈഡ് ഹെൽത്ത് സയൻസ് അക്കാദമി കോളേജ് (MAHSA) ഒരു മെഡിക്കൽ സിറ്റി കിനാലൂരിൽ തുടങ്ങാൻ കരാർ ഒപ്പുവെച്ചതായി അറിയുന്നു. മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ മെഡിക്കൽ കോളേജ്, ഡെന്റൽ കോളേജ്, നഴ്സിംഗ് കോളേജ് മറ്റു പാരാമെഡിക്കൽ പഠനസൗകര്യങ്ങൾ എന്നിവയാണത്രെ വരാൻ പോകുന്നത്. ഇതിന്റെ മുഴുവൻ ഭരണാവകാശങ്ങളും മലേഷ്യൻ ഹെൽത്ത് അക്കാദമിക്ക് ആയിരിക്കും. കോഴിക്കോട് ജില്ല



യിലെ നാലാമത്തെ മെഡിക്കൽ കോളേജ് ജനങ്ങൾക്ക് ഏറെ സൗകര്യം തന്നെ. ബാലുശ്ശേരിക്കടുത്ത് ഉള്ള്യേരിയിൽ മറ്റൊരു സ്വകാര്യ മെഡിക്കൽ കോളേജ് (മലബാർ മെഡിക്കൽ കോളേജ്) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കാനും പ്രവേശനപരീക്ഷ നടത്താനും മറ്റുമൊക്കെ കച്ചകെട്ടിയിറങ്ങുന്ന മന്ത്രി എം.എ. ബേബിക്കും സംഘത്തിനും കിനാലൂരിലെ മെഡിക്കൽ യൂനിവേഴ്സിറ്റിയിലേക്ക് പ്രവേശനമുണ്ടാകുമോ ആവോ? ഇതിനായി മാത്രം മലേഷ്യവരെ പോണോ, സർക്കാർ ഭൂമി കൊടുക്കാതെതന്നെ നൂറുകണക്കിന് മുതലാളിമാർ മെഡിക്കൽ കോളേജുകൾ തുടങ്ങാൻ തയാറായി ഇറങ്ങിക്കൊണ്ടിരിക്കുന്ന കേരളത്തിൽ അവർക്ക് പ്രോത്സാഹനവും പിന്തുണയും കൊടുത്താൽ പോരേ? ഭൂമി കൂടി അവർക്കു കൊടുത്താൽ സംഗതി കൂടുതൽ ഉഷാറാകില്ലേ? പക്ഷേ, സ്വപ്നപദ്ധതികളിൽ ചോദ്യമില്ല.

മറ്റൊരു സംരംഭം ഇൻഫോടൈൻമെന്റ് സിറ്റിയാണ്. വിനോദവും വിവരസാങ്കേതിക വിദ്യയും സമം ചേർന്ന പദ്ധതിയാണിത്. ലിബറൽ ടൂറിസം ഉയർത്തുന്ന ധാർമികപ്രശ്നങ്ങളും സാംസ്കാരിക സാമൂഹികപ്രശ്നങ്ങളും കൊണ്ട് കേരളമുൾപ്പെടെയുള്ള ടൂറിസ്റ്റുകേന്ദ്രങ്ങൾ പൊറുതിമുട്ടുകയാണ്. വിനോദസഞ്ചാരികൾ എന്ന പേരിൽ കടന്നുവരുന്നവർ നാട്ടിൽ സെക്സ് ടൂറിസത്തിന്റെ വാഹകരാണെന്ന് സമീപകാല സംഭവങ്ങൾ നമ്മോടു പറയുന്നു. ഇതിനായി കോഴിക്കോടിന്റെ ഈ മലയോരമേഖലയും ഒരുക്കപ്പെടുമ്പോൾ കേരളീയന് വാഗ്ദാനം ചെയ്യപ്പെടുന്ന തൊഴിൽ ഏത് രൂപത്തിലുള്ളതായിരിക്കും? കണ്ടറിയേണ്ടത് തന്നെ.

മലേഷ്യൻ മന്ത്രി സാമുവേൽ രണ്ടാവശ്യം കൂടി മുന്നോട്ടുവെച്ചിട്ടുണ്ട്. ഒന്ന്, കോഴിക്കോട് നിന്നു കിനാലൂർവരെ ഈ വ്യവസായനഗരത്തിലേക്കു മാത്രം സമർപ്പിക്കപ്പെട്ട സ്വകാര്യപാത (Dedicated Road) പണിയണം. അതിനായി 339 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. രണ്ട്, കരിപ്പൂർ എയർപോർട്ടിനടുത്ത് 50 ഏക്കറിൽ ഓഫീസ് സമുച്ചയവും സ്വന്തം ഉടമസ്ഥതയിലുള്ള ആഡംബര അപ്പാർട്ട്മെന്റുകളും (condominiums) ഈ മലേഷ്യൻ കമ്പനിക്കുവേണ്ടി പണിത് കൊടുക്കണം. ജനം തിങ്ങിപ്പാർക്കുന്ന ഈ കൊച്ചു കേരളത്തിൽ വ്യവസായസംരംഭങ്ങൾക്കും വിദേശ മൂലധനശക്തികൾക്കും ഇത്രയധികം ഡെഡിക്കേറ്റ് ചെയ്യാൻ മാത്രം ഭൂമിയുണ്ടോ എന്നത് ആലോചിക്കേണ്ട വിഷയമാണ്.

**ഡെഡിക്കേറ്റഡ് റോഡ് ഉയർത്തുന്ന പ്രശ്നങ്ങൾ**

കിനാലൂർ ഉപഗ്രഹ നഗരത്തിലേക്ക് നിർമിക്കുന്ന റോഡിന് ബന്ധപ്പെട്ടവർ നൽകിയ ഓമനപ്പേരാണ് ഡെഡിക്കേറ്റഡ് റോഡ്. അഥവാ ഈ ഉപഗ്രഹ നഗരത്തിലേക്കുവേണ്ടി മാത്രം സമർപ്പിക്കപ്പെട്ട സ്വകാര്യപാത.

2009 ഡിസംബർ അഞ്ചിന് കോഴിക്കോട് കലക്ട്രേറ്റിൽ മന്ത്രി എളമരം കരീം വിളിച്ചുചേർത്ത നാട്ടുകാരുടെ യോഗത്തിൽ എന്താണീ ഡെഡിക്കേറ്റഡ് റോഡ് എന്നു ചോദിച്ചപ്പോൾ, മന്ത്രിക്കും ബന്ധപ്പെട്ടവർക്കും അതിന് ഉത്തരമില്ല. വിവരാവകാശനിയമം ഉപയോഗിച്ച് അപേക്ഷ നൽകിയിട്ടും മറുപടിയില്ല. വിൽബർസ്മിത്തിന്റെ ഉദ്യോഗസ്ഥർ മാളിക്കടവ് മുതൽ വട്ടോളി ബസാർ വരെയുള്ള പ്രദേശങ്ങളിൽ കല്ലുനാട്ടൽ തുടങ്ങി. ജനങ്ങൾ സമരവുമായി രംഗത്തെത്തി. റോഡിനെപ്പറ്റി അറിയുന്നതിങ്ങനെ: തറനിരപ്പിൽ നിന്ന് അഞ്ച് മീറ്ററും വയലുകളിൽ നിന്ന് ഏഴു മീറ്ററും ഉയരത്തിൽ 60 മീറ്റർ വീതിയിൽ ഒരു രാജപാതയും മോണോറെയിലുമാണ് നിർമിക്കുന്നത്. ഇതിനായി 100 മീറ്റർ വരെ അക്വയർ ചെയ്യാനുള്ള നീക്കമാണ് നടക്കുന്നത്. മാളിക്കടവിനടുത്ത കുണ്ടുപറമ്പിൽ ദേശീയപാത 17 ബൈപ്പാസിൽനിന്ന് തുടങ്ങി 23 കി.മീറ്റർ ജനവാസകേന്ദ്രത്തിലൂടെ കടന്നുപോകുന്ന ഈ റോഡിനുമാത്രം 339 ഏക്കർ ഭൂമി ആവശ്യമായി വരും. റോഡിൽ രണ്ട് കി.മീറ്ററിനിടയിൽ ഓരോ പ്രവേശനകവാടം വീതം ഉണ്ടാകും. റോഡിന്റെ 70 ശതമാനം കടന്നുപോകുന്നത് വയലുകളിലൂടെയാണ്. 625 ഏക്കർ മുപ്പൂകൃഷി ചെയ്യുന്ന വയലുകൾ ഇതോടെ കൃഷിയോഗ്യമല്ലാതായിത്തീരും. 850 വീടുകളിലെ 4200 ഓളം മനുഷ്യർ ഇതോടെ വഴിയാധാരമാകും. റോഡിന്റെ ആരംഭകേന്ദ്രമായ മാളിക്കടവിനടുത്ത മോരിക്കരയിൽ ഇപ്പോൾതന്നെ വെള്ളപ്പൊക്ക ഭീഷണിയിലാണ് ജനം. റോഡ് വരുന്നതോടെ നീരൊഴുക്ക് തടസ്സപ്പെട്ട് മഴക്കാലത്ത് തടാകംപോലെയാകാൻ സാധ്യതയുള്ള ഈ പ്രദേശത്തെ 700ഓളം കുടുംബങ്ങൾ കടുത്ത പ്രതിസന്ധി യിലാവും.

അതിനാൽ ജനം സമരത്തിലാണ്. ജനിച്ച മണ്ണിൽനിന്ന് പറിച്ചെറിയപ്പെടുമെന്ന ഭീതിയിൽ ദിനരാത്രങ്ങൾ തള്ളിനീക്കുകയാണ് അവർ. നിലവിലുള്ള കോഴിക്കോട് ബാലുശ്ശേരി, കോഴിക്കോട് താമരശ്ശേരി റോഡുകൾ ഉപയോഗപ്പെടുത്തി തങ്ങളെ രക്ഷിക്കണമെന്നാണ് ഇരകളുടെ ആവശ്യം. ഇരകൾ രൂപവത്കരിച്ച ജനജാഗ്രതാസമിതിയുടെയും സോളിഡാരിറ്റിയുടെയും പ്രവർത്തനങ്ങൾ കൈയൂ

ക്കുകൊണ്ടും നുണപ്രചാരണങ്ങൾകൊണ്ടും നേരിടാനാണ് ഭരണപക്ഷാനുകൂലികൾ തീരുമാനിച്ചിരിക്കുന്നത്. മുമ്പ് തെങ്ങിന്റെ മണ്ടയിൽ വികസനം വരില്ല എന്നു പ്രഖ്യാപിച്ച മന്ത്രി നന്മണ്ടയിൽ സോളിഡാരിറ്റിക്കു മറുപടിയായി സംഘടിപ്പിച്ച പൊതുയോഗത്തിൽ പറഞ്ഞത് "നുറുക്ക്, പപ്പടം, ചിരട്ടക്കയിൽ എന്നിവയുടെ കാലം കഴിഞ്ഞു. അതിൽ നിക്ഷേപിക്കാൻ ആളെ കിട്ടില്ല" എന്നാണ്. പുതിയ കാലം ഇങ്ങനെയാണ്. വൻപദ്ധതികളുടെയും വികസന ഭീമന്മാരുടെ തേരോട്ടത്തിന്റെയും കാലം. ലാഭക്കൊതിമൂത്ത് ആർത്തട്ടഹസിച്ചുവരുന്ന ഇവരെ പിടിച്ചുകെട്ടാനോ നിയന്ത്രിക്കാനോ സർക്കാറുകൾക്കാവില്ല. കാരണം, നട്ടെല്ലുകൾ ഇവർക്കുമുമ്പിൽ സർക്കാറുകൾ നേരത്തെ അടിയറ വെച്ചിട്ടുണ്ട്. ജനപക്ഷ വികസനത്തിനുവേണ്ടി ഉയരുന്ന പുതിയ പോരാട്ടങ്ങളിൽ ഒരു അധ്യായം കൂടി കുറിച്ചുകൊണ്ട് ഇവിടെയും ജനം രംഗത്തിറങ്ങിക്കഴിഞ്ഞു.

**ഒടുവിൽ കിനാലൂരിനെ ചോരക്കളമാക്കി**

കഴിഞ്ഞ മാർച്ച് മാസത്തോടെ മലേഷ്യൻ കമ്പനി പദ്ധതികളിൽ നിന്ന് പിന്മാറിയതായാണ് അറിയാൻ കഴിഞ്ഞത്. തുടർന്ന് വലിയ വ്യവസായ സംരംഭകർ വന്നതായി അറിയില്ല. കെ.എസ്.ഐ.ഡി.സിയുടെ പരസ്യപ്രകാരം കേരളത്തിലെ ഏതാനും സംരംഭകർ അപേക്ഷ കൊടുക്കുകയും അവരിൽ നിന്ന് തെരഞ്ഞെടുത്ത കോഴിക്കോട് ജില്ലയിലെ രണ്ട് ചെരുപ്പു നിർമാതാക്കൾക്ക് പദ്ധതി തുടങ്ങുന്നതിന് ഏപ്രിൽ 22ന് ചേർന്ന പ്രത്യേകസമ്മേളനത്തിൽ മന്ത്രി എളമരം കരീം ഭൂമിയുടെ രേഖ കൈമാറുകയും ചെയ്തു.

എന്നിട്ടും മലേഷ്യൻ കമ്പനിയുടെ നിർദേശപ്രകാരം വ്യവസായവകുപ്പ് നിർമിക്കാൻ തീരുമാനിച്ച കിനാലൂർ–മാളിക്കടവ് സ്വകാര്യ പാതയിൽ നിന്ന് പിന്നോട്ടു പോയിട്ടില്ല. മെയ് ആറിന് കിടപ്പാടവും വീടും നഷ്ടപ്പെടുന്ന നൂറുകണക്കിന് സ്ത്രീകളും കുട്ടികളും വൃദ്ധന്മാരുമടങ്ങിയ നാട്ടുകാർ സർവേ നടപടികളിൽ പ്രതിഷേധിച്ച് കിനാലൂരിലെ ഏഴുകണ്ടിയിൽ ഒത്തുകൂടി റോഡിൽ കുത്തിയിരിപ്പുസമരം നടത്തി. സാധാരണ സർക്കാർ പദ്ധതികൾ നടപ്പാക്കുമ്പോൾ നൽകാറുള്ള 4/1 നോട്ടിഫിക്കേഷൻ 6/1 നോട്ടിഫിക്കേഷൻ എന്നിവ നൽകാതെയും പി.ഡബ്ലിയു.ഡി സ്ഥലമെടുപ്പിന് ജനങ്ങളിൽ നിന്നു സമ്മതപത്രം വാങ്ങാതെയും കൃത്യമായ ഫീസിബിലിറ്റി സ്റ്റഡി നടത്താതെയുമാണ് സർക്കാർ മുന്നോട്ടുപോയത്.

ഇത് ജനങ്ങളിൽ വലിയ ആശങ്കയുളവാക്കി. ജനങ്ങൾ സമാധാനപരമായി റോഡിൽ കുത്തിയിരിപ്പു സമരം നടത്തിക്കൊണ്ടിരിക്കെ പോലീസ് ക്രൂരമായി ലാത്തിച്ചാർജ് തുടങ്ങി, ഗ്രെനേഡ് എറിഞ്ഞു. സമരം കാണാൻ ഒത്തുകൂടിയ വികസനസമിതി പ്രവർത്തകരെന്ന പേരിൽ സംഘടിച്ച സി.പി.എം, ഡി.വൈ.എഫ്.ഐ പ്രവർത്തകർ അതിനിടയിൽ തൊട്ടടുത്ത ബിൽഡിംഗിനു പിറകിൽ നിന്ന് കല്ലെറിയുന്നുണ്ടായിരുന്നു. പോലീസ് ലാത്തിയും ഗ്രെനേഡും തോക്കുമായി എന്തിനും തയാറായിനിൽക്കുകയായിരുന്നു. സ്ത്രീകളും കുട്ടികളും അടങ്ങിയ നിരപരാധികളെ പോലീസ് തല്ലിച്ചതച്ചു. അവരുടെ കൈയിൽ മുറ്റമടിക്കുന്ന കുറ്റിച്ചൂലുണ്ടായിരുന്നു. ഇതാണ് മന്ത്രി പറയുന്ന മാരകായുധം!

'എന്തുവില കൊടുത്തും' റോഡ് നിർമിക്കുമെന്ന ഇടതുസർക്കാർ ധാർഷ്ട്യം നടപ്പാക്കാൻവേണ്ടി പോലീസ് നടത്തിയ നരനായാട്ടിൽ സ്ത്രീകൾ ഉൾപ്പെടെ 150 സമരപോരാളികൾക്ക് പരിക്കേറ്റു. ഏതാനും പോലീസുകാർക്കും പരിക്കേറ്റിട്ടുണ്ട്. സമരക്കാർക്കിടയിൽ നുഴഞ്ഞുകയറിയ ചിലരാണ് സംഭവം ഈ നിലയിലെത്തിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത്. മന്ത്രിയും ഭൂമാഫിയകളും തമ്മിലുള്ള അവിശുദ്ധ ബന്ധമാണ് ഈ റോഡ് നിർമാണ ബദ്ധപ്പാടിനുള്ള കാരണമെന്നാണ് ജനസംസാരം.

ജനം കിനാലൂർ ഭൂമിയിൽ വരുന്ന വ്യവസായ സംരംഭങ്ങൾക്കെതിരല്ല. അവിടേക്ക് വേണ്ടി നിർമിക്കപ്പെടുന്ന അന്യായമായ സ്വകാര്യ രാജപാതക്കെതിരെ മാത്രമാണ് സമരം ചെയ്യുന്നത്. അതുകൊണ്ട് സർക്കാർ ജനങ്ങളുടെ ഭാഗം മനസ്സിലാക്കി ജനപക്ഷ വികസനത്തിന്റെ ബാലപാഠങ്ങൾ പഠിച്ച് മുന്നോട്ടുപോകണം. ഇല്ലെങ്കിൽ ചോരപുരണ്ട അധ്യായങ്ങൾ വികസനത്തിന്റെ പേരിൽ കേരളത്തിലും സൃഷ്ടിക്കപ്പെടും. അത് നമ്മുടെ സംസ്ഥാനത്തെ അപകടകരമായ ദുരന്തങ്ങളിലേക്കു നയിക്കും. ■

(സോളിഡാരിറ്റി കോഴിക്കോട് ജില്ലാ പ്രസിഡന്റാണ് ലേഖകൻ)